**മധുരമായ കുട്ടികളേ– ബാബ നോളജ്ഫുള്ളാണ്, ബാബയെ ഉള്ളറിയുന്നവൻ എന്ന് പറയുന്നത് തലതിരിഞ്ഞ മഹിമയാണ്, ബാബ വരുന്നതുതന്നെ നിങ്ങളെ പതിതത്തിൽ നിന്നും പാവനമാക്കി മാറ്റാനാണ്.**

**ചോദ്യം–** ബാബയോടൊപ്പമൊപ്പം ഏറ്റവും അധികം മഹിമയുള്ളത് ഏതിനാണ്, എന്തുകൊണ്ട്?
**ഉത്തരം–** 1. ബാബയോടൊപ്പം ഭാരതത്തിനും വളരെ അധികം മഹിമയുണ്ട്. ഭാരതം തന്നെയാണ് അവിനാശീ ഖണ്ഢം. ഭാരതം തന്നെയാണ് സ്വർഗ്ഗമാകുന്നത്. ബാബ ഭാരതവാസികളെയാണ് ധനവാനും സുഖിയും പവിത്രവുമാക്കി മാറ്റിയത്. 2. ഗീതയുടെ മഹിമയും അപരംഅപാരമാണ്, സർവ്വശാസ്ത്ര ശിരോമണിയാണ് ഗീത. 3. നിങ്ങൾ ചൈതന്യ ജ്ഞാനഗംഗകൾക്കും വളരെ മഹിമയുണ്ട്. നിങ്ങൾ നേരിട്ട് ജ്ഞാനസാഗരനിൽ നിന്നാണ് പുറപ്പെടുന്നത്.

**ഓം ശാന്തി**. ഓം ശാന്തിയുടെ അർത്ഥം പുതിയ കുട്ടികളും അതുപോലെ പഴയ കുട്ടികളും മനസ്സിലാക്കിയിട്ടുണ്ട്. നിങ്ങൾ കുട്ടികൾ അറിഞ്ഞുകഴിഞ്ഞു– നമ്മൾ സർവ്വാത്മാക്കളും പരമാത്മാവിന്റെ സന്താനങ്ങളാണ്. പരമാത്മാവ് ഉയർന്നതിലും ഉയർന്നതും ഏറ്റവും സ്നേഹിയുമായ സർവ്വരുടേയും പ്രിയതമനാണ്. കുട്ടികൾക്ക് ജ്ഞാനത്തിന്റേയും ഭക്തിയുടേയും രഹസ്യം മനസ്സിലാക്കിത്തന്നിട്ടുണ്ട്, ജ്ഞാനം അർത്ഥം പകൽ– സത്യ–ത്രേതായുഗം, ഭക്തി അർത്ഥം രാത്രി– ദ്വാപര–കലിയുഗം. ഭാരതത്തിന്റെ തന്നെ കാര്യമാണ്. ആദ്യമാദ്യം വരുന്നത് നിങ്ങൾ ഭാരതവാസികൾ തന്നെയാണ്. 84 ജന്മങ്ങളുടെ ചക്രവും നിങ്ങൾ ഭാരതവാസികൾക്കുവേണ്ടിയുള്ളതാണ്. ഭാരതം തന്നെയാണ് അവിനാശീ ഖണ്ഢം. ഭാരത ഖണ്ഢം തന്നെയാണ് സ്വർഗ്ഗമായി മാറുന്നത്, മറ്റൊരു ഖണ്ഢവും സ്വർഗ്ഗമാകുന്നില്ല. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്– പുതിയ ലോകമാകുമ്പോൾ സത്യയുഗത്തിൽ ഭാരതം മാത്രമേ ഉണ്ടാകൂ. ഭാരതത്തെയാണ് സ്വർഗ്ഗമെന്ന് വിളിക്കുന്നത്. ഭാരതവാസികൾ തന്നെയാണ് പിന്നീട് 84 ജന്മങ്ങൾ എടുക്കുന്നത്, നരകവാസിയായി മാറുന്നത്. അവർ തന്നെയാണ് വീണ്ടും സ്വർഗ്ഗവാസിയാവുക. ഈ സമയത്ത് എല്ലാവരും നരകവാസികളാണ് എന്നാലും എല്ലാ ഖണ്ഢവും വിനാശമായി ഭാരതം മാത്രം അവശേഷിക്കും. ഭാരത ഖണ്ഢത്തിന്റെ മഹിമ അപരംഅപാരമാണ്. ഭാരതത്തിൽ തന്നെയാണ് ബാബ വന്ന് നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നത്. ഇത് ഗീതയുടെ പുരുഷോത്തമ സംഗമയുഗമാണ്. ഭാരതം തന്നെയാണ് ഇനി പുരുഷോത്തമനായി മാറുക. ഇപ്പോൾ ആ ആദിസനാതന ദേവീ ദേവതാ ധർമ്മമില്ല, രാജ്യവുമില്ല അതിനാൽ ആ യുഗവുമില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം വിശ്വത്തിന്റെ സർവ്വശക്തിവാൻ എന്ന് ഒരേയൊരു ബാബയെയാണ് പറയുന്നത്. ഭാരതവാസികൾ ഭഗവാൻ അന്തര്യാമിയാണ് എന്ന് പറഞ്ഞ് വളരെ വലിയ തെറ്റ് ചെയ്യുന്നു. എല്ലാവരുടേയും ഉള്ള് ഭഗവാൻ അറിയും എന്നു കരുതുന്നു. ബാബ പറയുന്നു ഞാൻ ആരുടേയും ഉള്ള് അറിയുന്നില്ല. എന്റെ ജോലി പതിതരെ പാവനമാക്കുക എന്നതാണ്. ശിവബാബ അന്തര്യാമിയാണ് എന്ന് ഒരുപാടുപേർ പറയുന്നുണ്ട്. ബാബ പറയുന്നു ഞാൻ അങ്ങനെയല്ല, ഞാൻ ആരുടെയും ഉള്ള് അറിയുന്നില്ല. ഞാൻ വന്ന് കേവലം പതിതരെ പാവനമാക്കി മാറ്റുകയാണ് ചെയ്യുന്നത്. എന്നെ വിളിക്കുന്നതുതന്നെ പതിത ലോകത്തിലേയ്ക്കാണ്. മാത്രമല്ല ഞാൻ ഒരേയൊരു തവണയാണ് വരുന്നത്. എപ്പോഴാണോ പഴയ ലോകത്തെ പുതിയതാക്കേണ്ടത് അപ്പോഴാണ് വരുന്നത്. ഈ ലോകം പഴയതിൽ നിന്നും പുതിയതും, പുതിയതിൽ നിന്നും പഴയതായും എപ്പോഴാണ് മാറുന്നത്? ഇത് മനുഷ്യർക്ക് അറിയില്ല. എല്ലാ വസ്തുക്കളും പുതിയതിൽ നിന്നും സതോ, രജോ, തമോയിലേയ്ക്ക് തീർച്ചയായും വരും. മനുഷ്യർക്കും ഇങ്ങനെ സംഭവിക്കും. ബാലകൻ സതോപ്രധാനമാണ് പിന്നീട് യുവാവാകുന്നു, ശേഷമാണ് വൃദ്ധനാകുന്നത് അർത്ഥം രജോ, തമോ അവസ്ഥയിലേയ്ക്ക് വരുന്നു. വൃദ്ധ ശരീരമാകുമ്പോൾ അത് ഉപേക്ഷിച്ച് വീണ്ടും കുട്ടിയായി മാറും. കുട്ടികൾക്ക് അറിയാം പുതിയ ലോകത്തിൽ ഭാരതം എത്ര ശ്രേഷ്ഠമായിരുന്നു. ഭാരതത്തിന്റെ മഹിമ അപരം അപാരമാണ്. ഇത്രയും സുഖം, സമ്പത്ത്, പവിത്രത എന്നിവ മറ്റൊരു ഖണ്ഢത്തിലും ഇല്ല. വീണ്ടും സതോപ്രധാനമാക്കി മാറ്റാൻ ബാബ വന്നിരിക്കുകയാണ്. സതോപ്രധാനലോകത്തിന്റെ സ്ഥാപന നടക്കുകയാണ്. ത്രിമൂർത്തി ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരെ രചിച്ചത് ആരാണ്? ശിവബാബയാണ് രചയിതാവ്. പരമപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ ബ്രാഹ്മണരുടെ സ്ഥാപന ചെയ്യുന്നു എന്ന് പാടിയിട്ടുണ്ട്. ഭക്തിമാർഗ്ഗത്തിൽ ജ്ഞാനസാഗരനായ ബാബയെ ഉള്ളറിയുന്നവൻ എന്ന് പറയാറുണ്ട്, ഇപ്പോൾ ആ മഹിമ അർത്ഥവത്തല്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബയിലൂടെ നമുക്ക് സമ്പത്ത് ലഭിക്കുന്നു, ബാബ സ്വയം നമ്മൾ ബ്രാഹ്മണരെ പഠിപ്പിക്കുകയാണ് എന്തുകൊണ്ടെന്നാൽ ബാബ അച്ഛനുമാണ് സുപ്രീം ടീച്ചറുമാണ്, എങ്ങനെയാണ് വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കുന്നത് എന്നത് മനസ്സിലാക്കിത്തരുന്നു, ബാബ തന്നെയാണ് ജ്ഞാനസാഗരം. അല്ലാതെ ബാബ എല്ലാവരു

ടെയും ഉള്ളറിയുന്നവനല്ല. ഇത് തെറ്റാണ്. ഞാനാണെങ്കിൽ വന്ന് പതിതരെ പാവനമാക്കി മാറ്റുന്നു, 21 ജന്മങ്ങളിലേയ്ക്ക് രാജ്യഭാഗ്യം നൽകുന്നു. ഭക്തിമാർഗ്ഗത്തിലേത് അല്പകാല സുഖമാണ്, പക്ഷേ ഇത് സന്യാസിമാർക്കോ ഹഠയോഗികൾക്കോ അറിയില്ല. ബ്രഹ്മത്തെ ഓർമ്മിക്കുന്നു. ഇപ്പോൾ ബ്രഹ്മം ഭഗവാനല്ല. ഭഗവാൻ ഒരേയൊരു നിരാകാരനായ ശിവനാണ്, സർവ്വാത്മാക്കളുടേയും പിതാവാണ്. നമ്മൾ ആത്മാക്കളുടെ വാസസ്ഥാനം ബ്രഹ്മാണ്ഢമാകുന്ന മധുരമായ വീടാണ്. അവിടെ നിന്നും നമ്മൾ ആത്മാക്കൾ ഇവിടെ പാർട്ട് അഭിനയിക്കാൻ വരുന്നു. ആത്മാവ് പറയുന്നു ഞാൻ ഒരു ശരീരം ഉപേക്ഷിച്ച് രണ്ടാമതും മൂന്നാമതും ശരീരം എടുക്കുന്നു. 84 ജന്മങ്ങളും ഭാരതവാസികൾക്കാണ്, ആരാണോ കൂടുതൽ ഭക്തി ചെയ്തത് അവർ തന്നെയാണ് ജ്ഞാനവും കൂടുതൽ എടുക്കുക.

ബാബ പറയുന്നു ഗൃഹസ്ഥവ്യവഹാരത്തിൽ എന്തായാലും ഇരുന്നോളൂ പക്ഷേ ശ്രീമതത്തിലൂടെ നടക്കണം. നിങ്ങൾ എല്ലാ ആത്മാക്കളും ഒരു പരമാത്മാവിന്റെ പ്രിയതമകളാണ്. ഭക്തിമാർഗ്ഗം മുതൽ നിങ്ങൾ ഓർമ്മിച്ചുവരികയാണ്. ആത്മാവ് ബാബയെ ഓർമ്മിക്കുന്നു. ഇത് ദുഃഖധാമമാണ്. നമ്മൾ ആത്മാക്കൾ വാസ്തവത്തിൽ ശാന്തിധാമ നിവാസികളാണ്. പിന്നീട് സുഖധാമത്തിലേയ്ക്ക് വന്ന് നമ്മൾ 84 ജന്മങ്ങൾ എടുത്തു. ഹം സോ, സോ ഹം എന്നതിന്റെ അർത്ഥവും മനസ്സിലാക്കിത്തന്നിട്ടുണ്ട്. ആത്മാവുതന്നെയാണ് പരമാത്മാവ്, പരമാത്മാവ് തന്നെയാണ് ആത്മാവ് എന്നാണ് അവർ പറയുന്നത്. ഇപ്പോൾ ബാബ മനസ്സിലാക്കിത്തന്നു- നമ്മൾ തന്നെയായിരുന്നു ദേവത, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ. ഇപ്പോൾ നമ്മൾ തന്നെ ബ്രാഹ്മണരായി മാറിയിരിക്കുകയാണ് ദേവതയായി മാറുന്നതിനായി. ഇതാണ് യഥാർത്ഥ അർത്ഥം . അത് തീർത്തും തെറ്റാണ്. സത്യയുഗത്തിൽ ഒരു ദേവീ ദേവതാ ധർമ്മമുണ്ടായിരുന്നു, അദ്വൈത ധർമ്മമായിരുന്നു. പിന്നീട് മറ്റുധർമ്മങ്ങൾ വന്നപ്പോൾ ദ്വൈതമായി. ദ്വാപരം മുതൽ ആസുരീയ രാവണരാജ്യം ആരംഭിക്കുന്നു. സത്യയുഗത്തിൽ രാവണരാജ്യമേയില്ല അതിനാൽ 5 വികാരങ്ങളും ഉണ്ടാകില്ല. അത് സമ്പൂർണ്ണ നിർവ്വികാരീ ലോകമാണ്. രാമ-സീതയേയും 14 കലാ സമ്പൂർണ്ണർ എന്നാണ് പറയുന്നത്. രാമന് എന്തുകൊണ്ടാണ് ബാണം നൽകിയിരിക്കുന്നത് - ഇതുപോലും മനുഷ്യർ ആർക്കും അറിയില്ല. ഹിംസയുടെ ഒരു കാര്യവുമില്ല. നിങ്ങളാണ് ഈശ്വരീയ വിദ്യാർത്ഥികൾ. അതിനാൽ ബാബ അച്ഛനുമാണ്, വിദ്യാർത്ഥികളായതിനാൽ ടീച്ചറുമാണ്. പിന്നീട് നിങ്ങൾ കുട്ടികൾക്ക് സദ്ഗതി നൽകി സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ടുപോകുന്നതിനാൽ അച്ഛനും ടീച്ചറും സദ്ഗുരുവും മൂന്നുമാണ്. നിങ്ങൾ അവരുടെ കുട്ടിയായി മാറിയിരിക്കുന്നു എങ്കിൽ നിങ്ങൾക്ക് എത്ര സന്തോഷമുണ്ടാകണം. മനുഷ്യർക്കാണെങ്കിൽ ഒന്നും അറിയില്ല, രാവണ രാജ്യമല്ലേ. ഓരോ വർഷവും രാവണനെ കത്തിക്കുന്നുണ്ട് പക്ഷേ ഈ രാവണൻ ആരാണ് എന്നത് അറിയില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം- ഈ രാവണൻ ഭാരതത്തിന്റെ ഏറ്റവും വലിയ ശത്രുവാണ്. ഈ ജ്ഞാനം നിങ്ങൾ കുട്ടികൾക്കാണ് ജ്ഞാനസാഗരനായ ബാബയിൽ നിന്നും ലഭിക്കുന്നത്. ബാബ തന്നെയാണ് ജ്ഞാനസാഗരൻ, ആനന്ദസാഗരൻ. ജ്ഞാനസാഗരനിൽ നിന്നും നിങ്ങൾ മേഘങ്ങൾ നിറച്ചുകൊണ്ടുപോയി മറ്റു സ്ഥലങ്ങളിൽ പെയ്യിക്കുന്നു. ജ്ഞാനഗംഗകൾ നിങ്ങളാണ്, മഹിമ നിങ്ങളുടേതുതന്നെയാണ്. ബാബ പറയുന്നു ഞാൻ നിങ്ങളെ ഇപ്പോൾ പാവനമാക്കി മാറ്റാൻ വന്നതാണ്, ഈ ഒരു ജന്മം പവിത്രമായി മാറൂ, എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറും. ഞാൻ തന്നെയാണ് പതിതപാവനൻ, എത്ര സാധിക്കുമോ അത്രയും ഓർമ്മയെ വർദ്ധിപ്പിക്കൂ. വായകൊണ്ട് ശിവബാബ എന്നു പറയുകപോലും വേണ്ട. എങ്ങനെയാണോ പ്രിയതമ പ്രിയതമനെ ഓർമ്മിക്കുന്നത്, ഒരു തവണ കണ്ടാൽമതി, ബുദ്ധിയിൽ അവരുടെ ഓർമ്മ മാത്രമായിരിക്കും. ഭക്തിമാർഗ്ഗത്തിൽ ആര് എത് ദേവതയുടെ പൂജ ചെയ്യുന്നുവോ ആരെ ഓർമ്മിക്കുന്നുവോ അവരുടെ സാക്ഷാത്ക്കാരം ഉണ്ടാകും. അത് അല്പകാലത്തിലേയ്ക്കുള്ളതാണ്. ഭക്തി ചെയ്ത് താഴേയ്ക്ക് ഇറങ്ങിവന്നു. ഇപ്പോൾ മരണം മുന്നിൽ നിൽക്കുന്നുണ്ട്. അയ്യോ അയ്യോ എന്ന നിലവിളിയ്ക്ക് ശേഷം ജയജയാരവം മുഴങ്ങും. ഭാരതത്തിലാണ് രക്തത്തിന്റെ പുഴ ഒഴുകുക. ആഭ്യന്തരയുദ്ധത്തിന്റെ അടയാളവും കാണാൻ കഴിയുന്നുണ്ട്. തമോപ്രധാനമായി മാറിയിരിക്കുന്നു. ഇപ്പോൾ നിങ്ങൾ സതോപ്രധാനമായി മാറുകയാണ്. ആരാണോ കല്പം മുമ്പ് ദേവതയായി മാറിയത് അവർ തന്നെയാണ് വന്ന് വീണ്ടും ബാബയിൽ നിന്നും സമ്പത്ത് എടുക്കുന്നത്. കുറവ് ഭക്തിയേ ചെയ്തിട്ടുള്ളുവെങ്കിൽ ജ്ഞാനവും കുറച്ചേ എടുക്കൂ. പിന്നീട് പ്രജകളിലും നമ്പർവൈസ് പദവി നേടും. നല്ല പുരുഷാർത്ഥി ശ്രീമതത്തിലൂടെ നടന്ന് നല്ല പദവി നേടും. പെരുമാറ്റവും വളരെ നല്ലതായിരിക്കണം. ദൈവീക ഗുണങ്ങളും ധാരണ ചെയ്യണം അത് പിന്നീട് 21 ജന്മങ്ങളിലേയ്ക്ക് നിലനിൽക്കും. ഇപ്പോൾ എല്ലാവരുടേതും ആസുരീയ അവഗുണങ്ങളാണ്. ആസുരീയ ലോകം, പതിത ലോകമല്ലേ. നിങ്ങൾ കുട്ടികൾക്ക് വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും പറഞ്ഞുതന്നിട്ടുണ്ട്. ഈ സമയത്ത് ബാബ പറയുന്നു ഓർമ്മിക്കുന്നതിനുള്ള പരിശ്രമം ചെയ്യൂ എങ്കിൽ സത്യമായ സ്വർണ്ണമായി മാറും. സത്യയുഗമാണ് സ്വർണ്ണിമയുഗം, സത്യമായ സ്വർണ്ണം പിന്നീട് വെള്ളിയാവുന്നു. കല കുറഞ്ഞുവരുന്നു. ഇപ്പോൾ ഒരു കലയുമില്ല, എപ്പോഴാണോ ഇങ്ങനെയുള്ള അവസ്ഥയുണ്ടാകുന്നത് അപ്പോഴാണ് ബാബ

വരുന്നത്, ഇതും ഡ്രാമയിൽ അടങ്ങിയതാണ്.

ഈ രാവണരാജ്യത്തിൽ എല്ലാവരും അവിവേകികളായി മാറിയിരിക്കുന്നു, പരിധിയില്ലാത്ത ഡ്രാമയിലെ പാർട്ടുധാരിയായിട്ടുപോലും ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിയുന്നില്ല. നിങ്ങൾ അഭിനേതാക്കള ല്ലേ. നിങ്ങൾക്ക് അറിയാം നമ്മൾ ഇവിടെ പാർട്ട് അഭിനയിക്കാൻ വന്നിരിക്കുകയാണ്. പക്ഷേ പാർട്ടുധാരി യായിട്ടും അറിയില്ല. എങ്കിൽ പരിധിയില്ലാത്ത അച്ഛൻ പറയുമല്ലോ അതായത് നിങ്ങൾ എത്ര വിവരമില്ലാ ത്തവരായി മാറിയിരിക്കുന്നു. ഇപ്പോൾ ഞാൻ നിങ്ങളെ വിവേകശാലിയായ വജ്രമാക്കി മാറ്റുന്നു. പിന്നീട് രാവണൻ കക്കയാക്കി മാറ്റുന്നു. ഞാൻ തന്നെയാണ് വന്ന് എല്ലാവരേയും കൂടെ കൊണ്ടുപോകുന്നത് പിന്നീട് ഈ പതിത ലോകത്തിന്റെ വിനാശവും ഉണ്ടാകും. കൊതുകിനെപ്പോലെ എല്ലാവരെയും കൊണ്ടു പോകും. നിങ്ങളുടെ പ്രധാന ലക്ഷ്യം മുന്നിലുണ്ട്. നിങ്ങൾക്ക് ഇങ്ങനെയായി മാറണം എങ്കിലേ നിങ്ങൾ സ്വർഗ്ഗവാസിയായി മാറൂ. നിങ്ങൾ ബ്രഹ്മാകുമാരീ കുമാരന്മാർ ഈ പുരുഷാർത്ഥം ചെയ്യുകയാണ്. മനു ഷ്യരുടെ ബുദ്ധി തമോപ്രധാനമാണ് അതിനാൽ മനസ്സിലാക്കുന്നില്ല. ഇത്രയും ബീ.കെ കളുണ്ട് എങ്കിൽ തീർച്ചയായും പ്രജാപിതാ ബ്രഹ്മാവും ഉണ്ടാകും. ബ്രാഹ്മണനാണ് കുടുമ, ബ്രാഹ്മണൻ പിന്നീട് ദേവത..... ചിത്രങ്ങളിൽ ബ്രാഹ്മണനേയും ശിവബാബയേയും കാണിക്കുന്നില്ല. നിങ്ങൾ ബ്രാഹ്മണർ ഇപ്പോൾ ഭാര തത്തെ സ്വർഗ്ഗമാക്കി മാറ്റുകയാണ്. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാ വുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടി കൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) ഉയർന്ന പദവി നേടുന്നതിനായി ശ്രീമതത്തിലൂടെ നടന്ന് നല്ല പെരുമാറ്റം ധാരണ ചെയ്യണം.

2) സത്യമായ പ്രിയതമയായി മാറി ഒരേയൊരു പ്രിയതമനെ ഓർമ്മിക്കണം. എത്ര സാധിക്കുമോ അത്രയും ഓർമ്മയുടെ അഭ്യാസത്തെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കണം.

## വരദാനം:- നിമിത്തമാണ് എന്ന സ്മൃതിയിലൂടെ മായയുടെ ഗേറ്റ് അടക്കുന്ന ഡബിൾ ലൈറ്റായി ഭവിക്കട്ടെ.

ആരാണോ സ്വയത്തെ നിമിത്തമെന്ന് മനസ്സിലാക്കി നടക്കുന്നത് അവർക്ക് ഡബിൾ ലൈറ്റ് സ്ഥിതിയുടെ അനുഭവം സ്വതവേ ഉണ്ടാകുന്നു. ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യുന്നവൻ ചെയ്യിപ്പിച്ചുകൊണ്ടിരി ക്കുന്നു, ഞാൻ നിമിത്തമാണ്- ഈ സ്മൃതിയിലൂടെ സഫലതയുണ്ടാകുന്നു. ഞാൻ എന്ന ഭാവം വന്നു അർത്ഥം മായയുടെ ഗേറ്റ് തുറന്നു, നിമിത്തമെന്ന് മനസ്സിലാക്കി അർത്ഥം മായയുടെ ഗേറ്റ് അടഞ്ഞു. അതിനാൽ നിമിത്തമെന്ന് മനസ്സിലാക്കുന്നതിലൂടെ മായാജീത്തുമായി മാറുന്നു, ഡബിൾ ലൈറ്റുമായി മാറുന്നു. അതോടൊപ്പം സഫലതയും അവശ്യം ലഭിക്കുന്നു. ഈ സ്മൃതി തന്നെയാണ് നമ്പർ വൺ നേടുന്നതിന്റെ ആധാരമായി മാറുന്നത്.

## സ്ലോഗൻ: തൃകാലദർശിയായി ഓരോ കർമ്മവും ചെയ്യൂ എങ്കിൽ സഫലത സഹജമായും ലഭിച്ചുകൊണ്ടിരിക്കും.

### മാതേശ്വരിജിയുടെ മഹാവാക്യങ്ങൾ

**1) മനുഷ്യാത്മാക്കൾ തങ്ങളുടെ മുഴുവൻ സമ്പാദ്യത്തിന്നനുസരിച്ച് ഭാവി പ്രാലബ്ധം അനുഭവിക്കുന്നു.**
നോക്കൂ, ഒരുപാട് പേർ ഇങ്ങനെ കരുതുന്നു, ഞങ്ങളുടെ പൂർവ്വജന്മങ്ങളിലെ നല്ല സമ്പാദ്യത്തിലൂടെ ഇപ്പോൾ ഈ ജ്ഞാനം പ്രാപ്തമായതാണ്, പക്ഷെ അക്കാര്യമേയില്ല, പൂർവ്വ ജന്മത്തിലേതിന് നല്ല ഫലമു ണ്ടാകുമെന്നത് നമ്മൾക്കറിയാം. കല്പത്തിന്റെ ചക്രം കറങ്ങിക്കൊണ്ടേയിരിക്കുന്നു, സതോ-രജോ-തമോ മാറിക്കൊണ്ടേയിരിക്കും, പക്ഷെ ഡ്രാമയനുസരിച്ച് പുരുഷാർത്ഥത്തിലൂടെ പ്രാലബ്ധമുണ്ടാക്കുന്നതിനുള്ള മാർജിൻ വെച്ചിട്ടുണ്ട്, അതുകൊണ്ടാണ് അവിടെ സത്യയുഗത്തിൽ ചിലർ രാജാ-റാണി, ചിലർ ദാസി, ചിലർ പ്രജാപദവി പ്രാപ്തമാക്കുന്നത്. അതിനാൽ ഇത് തന്നെയാണ് പുരുഷാർത്ഥത്തിന്റെ സിദ്ധി, അവിടെ ദ്വൈതഭാവം, ഈർഷ്യ ഉണ്ടാവുകയില്ല, അവിടെ പ്രജകൾക്കും സുഖമായിരിക്കും. രാജാവും റാണിയും

പ്രജകളെ തങ്ങളുടെ മക്കളെ സംരക്ഷിക്കുന്നത് പോലെത്തന്നെ സംരക്ഷിക്കും. അവിടെ പാവപ്പെട്ടവരും പണക്കാരും എല്ലാവരും സന്തുഷ്ടരായിരിക്കും. ഈ ഒരു ജന്മത്തിലെ പുരുഷാർത്ഥത്തിലൂടെ 21 ജന്മത്തേക്ക് സുഖം അനുഭവിക്കും. ഇത് അവിനാശി സമ്പാദ്യമാണ്, ഈ അവിനാശി സമ്പാദ്യത്തിൽ അവിനാശി ജ്ഞാനത്തിലൂടെ അനിനാശി പദവി ലഭിക്കുന്നു. ഇപ്പോൾ നാം സത്യയുഗീ ലോകത്തിലേക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്, ഈ പ്രാക്റ്റിക്കൽ നാടകം നടന്നുകൊണ്ടിരിക്കുകയാണ്, ഇവിടെ ഏതൊരു ഛൂ-മന്ത്രത്തിന്റെയും കാര്യമില്ല.

**2)ഗുരുക്കന്മാരുടെ മതമോ ശാസ്ത്രങ്ങളുടെ മതമോ ഒന്നും പരമാത്മാവിന്റെ മതമല്ല**.

പരമാത്മാവ് പറയുന്നു, കുട്ടികളേ, ഈ ഗുരുവിന്റെ മതമോ ശാസ്ത്രങ്ങളുടെ മതങ്ങളോ ഒന്നും എന്റെ മതമല്ല, ഇതെല്ലാം കേവലം എന്റെ നാമത്തിൽ തരുന്ന മതങ്ങളാണ്, പക്ഷെ എന്റെ മതം എനിക്കാണറിയുക, എന്റെ കൂടിക്കാഴ്ചയുടെ വിവരം ഞാൻ വന്നിട്ടാണ് നൽകുന്നത്, അതിന് മുമ്പ് എന്റെ അഡ്രസ്സ് ആർക്കും തന്നെ അറിയില്ല. ഗീതയിൽ ഭഗവാനുവാച എന്നൊക്കെയുണ്ട് പക്ഷെ ഗീതയും മനുഷ്യരുണ്ടാക്കിയതാണ്, ഭഗവാൻ സ്വയം ജ്ഞാനസാഗരനാണ്, ഭഗവാൻ ഏത് മഹാവാക്യങ്ങൾ കേൾപ്പിച്ചുവോ അതിന്റെ ഓർമ്മചരിഹ്നമായി പിന്നീട് ഗീതയുണ്ടാക്കിയതാണ്. ഈ വിദ്വാന്മാരും പണ്ഡിതന്മാരും ആചാര്യന്മാരും പറയുന്നു, പരമാത്മാവ് സംസ്കൃതത്തിലാണ് മഹാവാക്യങ്ങൾ ഉച്ചരിച്ചത്, അതിനാൽ അത് പഠിക്കാതെ പരമാത്മാവിനെ ലഭിക്കുക സാദ്ധ്യമല്ല. ഇതാണെങ്കിൽ ഒന്നുകൂടി തല കീഴായ കർമ്മകാണ്ഡത്തിൽ കുടുക്കുന്നതാണ്. വേദ-ശാസ്ത്രങ്ങളൊക്കെ പഠിച്ച് ഏണിപ്പടി കയറുന്നുവെങ്കിൽ പിന്നെ അത്രയും തന്നെ ഇറങ്ങേണ്ടിയും വരും, എന്നുവെച്ചാൽ അവയെ മറന്ന് ബുദ്ധിയോഗം ഒരു പരമാത്മാവുമായി യോജിപ്പിക്കണം, എന്തുകൊണ്ടെന്നാൽ പരമാത്മാവ് വ്യക്തമായി പറയുന്നുണ്ട്, വേദ-ശാസ്ത്രങ്ങളൊന്നും പഠിക്കുന്നതിലൂടെ എന്നെ പ്രാപിക്കാൻ സാധിക്കില്ല. നോക്കൂ, ധ്രുവനും പ്രഹ്ലാദനും മീരയും എന്തെങ്കിലും ശാസ്ത്രം പഠിച്ചിരുന്നുവോ? ഇവിടെയാണെങ്കിൽ പഠിച്ചതെല്ലാം തന്നെ മറക്കേണ്ടതുണ്ട്. ഭഗവാന്റെ ക്ലീനായ മഹാവാക്യമാണ്-ഓരോ ശ്വാസത്തിലും എന്നെ ഓർമ്മിക്കൂ, ഇതിൽ ഒന്നും തന്നെ ചെയ്യേണ്ട ആവശ്യകതയില്ല. ഏത് വരെ ജ്ഞാനം ഇല്ലയോ അതുവരെ ഭക്തിമാർഗ്ഗം നടക്കും, പക്ഷെ ജ്ഞാനത്തിന്റെ ദീപം തെളിഞ്ഞാൽ കർമ്മകാണ്ഡം ഒഴിഞ്ഞുപോകും, എന്തുകൊണ്ടെന്നാൽ കർമ്മകാണ്ഡം ചെയ്ത് ചെയ്ത് അഥവാ ശരീരം വിട്ടുപോയാൽ പിന്നെ എന്ത് പ്രയോജനം കിട്ടും? പ്രാലബ്ധം ഉണ്ടാക്കിയില്ല, കർമ്മബന്ധനത്തിന്റെ കണക്ക്-വഴക്കുകളിൽ നിന്ന് മുക്തിയും ലഭിച്ചില്ല. മനുഷ്യർ മനസ്സിലാക്കുന്നുണ്ട്, കളവ് പറയാതിരിക്കുക, മോഷ്ടിക്കാതിരിക്കുക, ആർക്കും ദു:ഖം കൊടുക്കാതിരിക്കുക......ഇതെല്ലാം നല്ല കർമ്മങ്ങളാണെന്ന്. പക്ഷെ ഇവിടെയാണെങ്കിൽ സദാ കാലത്തേക്ക് കർമ്മങ്ങളുടെ ബന്ധനങ്ങളിൽ നിന്ന് ഒഴിവാകുകയും വികർമ്മങ്ങളുടെ വേരുകളെ പിഴുത് കളയുകയും വേണം. നമ്മളാണെങ്കിൽ ഇപ്പോൾ ആഗ്രഹിക്കുന്നത് നല്ല കർമ്മങ്ങളുടെ വൃക്ഷം മുളയ്ക്കാനുള്ള വിത്ത് നടണമെന്നാണ്, അതിനാൽ മനുഷ്യ ജീവിതത്തിന്റെ വസ്തുതകളറിഞ്ഞ് ശ്രേഷ്ഠകർമ്മം ചെയ്യണം. ശരി, ഓം ശാന്തി.

**അവ്യക്ത സൂചനകൾ- കമ്പൈന്റ് രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയിയാകൂ**.
ശിവശക്തിയുടെ അർത്ഥം തന്നെ കമ്പൈന്റ് എന്നതാണ്. ബാബയും താങ്കളും- രണ്ട് പേരെയും ചേർത്ത് പറയുന്നതാണ് ശിവശക്തി എന്ന്. അതിനാൽ ആരാണോ കമ്പൈന്റ് ആയിട്ടുള്ളത് അവരെ വേർപെടുത്താൻ സാദ്ധ്യമല്ല. ഇത് തന്നെ ഓർമ്മയിൽ വെക്കൂ നാം കമ്പൈന്റ് ആയിരിക്കുന്നതിന്റെ അധികാരിയായി മാറി. ആദ്യം അന്വേഷകരായിരുന്നു ഇപ്പോൾ കൂടെ വസിക്കുന്നവരാണ്- ഈ ലഹരി സദാ ഉണ്ടായിരിക്കണം.